● നിരീക്ഷണം/അനുഭവം



# എന്റെ ഓർമ്മയിലെ പെരിയാർ

റിവർ കീപ്പർ ജോസ്

**1961–ൽ** ഉണ്ടായ വെള്ളപ്പൊക്കം ഇന്നും എന്റെ ഓർമ്മയിൽ നിലനിൽക്കുന്നു. ആദ്യം എന്റെ വീടിന്റെ മുറ്റത്ത് വെള്ളം എത്തി. പെരിയാർ കര കവിഞ്ഞ് ഒഴുകിയപ്പോൾ ഉണ്ടായ കുത്തൊഴുക്കിൽ മണ്ണ് പുരയിടത്തിലെ എല്ലാം ഒലിച്ച് പോയി. ക്രമേണ പടിപടിയായി വെള്ളം കൂടിക്കൂടി വന്നു. വീടിന്റെ അകവും നിറയെ വെള്ളം കയറി. വീട്ടു സാമഗ്രികൾ എല്ലാം ഒഴുകി നടക്കുവാൻ തുടങ്ങി. പെരിയാറിന്റെ തീരത്ത് സ്ഥാപിച്ചിരുന്ന ചീനവല ശക്തമായ കാറ്റിലും മഴയിലുംപെട്ട് ഒലിച്ചു പോയി. ക്രമേണ വീട് വിട്ട് ഒരാഴ്ചക്കാലം മാറി നിൽക്കേണ്ടിവന്നു. ഇത് എല്ലാം ഒരു ഓർമ്മ മാത്രം.

ഇന്ന് വെള്ളപ്പൊക്കം പോയിട്ട് പെരിയാർ കര കവിഞ്ഞ് ഒഴുകുന്ന അവസരം പോലും ഉണ്ടാകുന്നില്ല. അങ്ങ് കുമളി നഗരത്തിന്റെ മാലിന്യം പേറി യാത്ര തുടങ്ങി, കടലിൽ പതിക്കുന്നതിനു മുമ്പ് കടന്നു വരുന്ന വഴിയിലുള്ള നഗര മാലിന്യങ്ങൾ, ഇതെല്ലാം കടന്ന്, ആലുവയിൽ എത്തി വീണ്ടും മൂന്നായി തിരിയുമ്പോൾ അതിൽ ഒന്ന് ലോകത്തിലെ 36–ാമതും ഇന്ത്യയിലെ 3–ാമത്തെയും മാരക വിഷമേഖലയായ ഏലൂരിലൂടെ കടന്നു പോകുമ്പോൾ പെരിയാർ ജലം മാരകവിഷമായി കടലിൽ പതിക്കുന്നു. ഈ ജലം കടലിൽ എത്തി തിരിച്ചെത്തും.

വർഷത്തിൽ 6 മാസം ഓര് വെള്ളം ലഭിക്കുന്ന ചെമ്മീൻകെട്ടുകൾ പെരിയാറിന്റെ ഇരുകരകളിലുമായി ഉണ്ട്. ഫാക്ടറികളിൽനിന്നു വരുന്ന ജലം, ചെമ്മീൻകെട്ടുകളിലേക്ക് പ്രവേശിക്കുമ്പോൾ ഈ വിഷമാലിന്യങ്ങളുടെ സാന്നിദ്ധ്യം വർഷങ്ങളോളം, ഈ കെട്ടുകളിൽ നിലനിൽക്കുന്നു. അതിനാൽ 6 മാസം ചെമ്മീൻ കൃഷിയും, 6 മാസം നെൽകൃഷിയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ മത്സ്യ നെൽകൃഷി നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

1971 കാലഘട്ടത്തിൽ എന്റെ പുരയിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പുഴയരികിൽ സ്ഥാപിച്ചിരുന്ന ചീനവലയിൽ 500 കി.ഗ്രാം വരുന്ന ചെമ്മീനും മറ്റൊരു ദിവസം 600 കിലോയോളം കടൽ മത്സ്യവും ലഭിച്ചതായി ഓർമ്മയിൽ തെളിഞ്ഞു വരുന്നു. ഏതാണ്ട് 140 ഇനത്തോളം മത്സ്യങ്ങളെ തിരിച്ചറിയുവാനുള്ള കഴിവ് ആ മത്സ്യബന്ധന സമയങ്ങളിൽ എനിക്ക് ലഭിച്ചിരുന്നു. എന്നാൽ ഇന്ന് വലയിട്ടാൽ ഒന്നും തന്നെ കിട്ടുകയില്ല. എങ്കിലും നോക്കി നിന്നാൽ ചിലയിനം മത്സ്യങ്ങളെ കണ്ടെത്താൻ കഴിയും. ഏറ്റവും കൂടിയത് മുപ്പതോ, മുപ്പത്തൊന്നോ ഇനം മത്സ്യങ്ങൾ മാത്രം കാണുവാൻ കഴിയും. ഒരുപക്ഷെ വെള്ളത്തിന്റെ ഒഴുക്ക് നിലച്ചതുകൊണ്ടായിരിക്കാം കടലിൽനിന്നുള്ള മത്സ്യങ്ങൾ പുഴയിലേക്ക് എത്തിച്ചേരാത്തത്.

1971–ൽ ഒരു സെക്കന്റിൽ 1734 ക്യുബിക് അടി വെള്ളം ഒഴുകി എത്തുമായിരുന്നെങ്കിൽ ഇന്ന് ആ സ്ഥാനത്ത് 9.43 ക്യുബിക് അടി വെള്ളം മാത്രമാണ് ഒഴുകിയെത്തുന്നത് എന്ന് വിദഗ്ധർ നടത്തിയ പരീക്ഷണങ്ങളിൽ തെളിയിക്കപ്പെട്ടിരിക്കുന്നു. ഇതിനു കാരണം, അനധികൃതമായ മണൽ വാരലാണ്. ഇന്ന് പെരിയാർ ഒരു തടാകമായി മാറി കഴിഞ്ഞിരിക്കുന്നു. പല സ്ഥലങ്ങളിലും മണൽ വാരി പെരിയാറിൽ നിലയില്ലാ കയങ്ങൾ സൃഷ്ടിക്കപ്പെട്ടു.

ചെമ്പ്, സിങ്ക്, ഇരുമ്പ്, ക്രോമിയം, മെർക്കുറി, ലെഡ്, സൾഫർ, ജിപ്സം തുടങ്ങിയവയുടെ സാന്നിധ്യം പെരിയാറിൽ ഉണ്ടെന്നുള്ള വസ്തുത നിഷേധിക്കാൻ കഴിയാത്തതാണ്. പെരിയാറിലെ ജലത്തിന്റെ പി.എച്ച്. ചില സമയങ്ങളിൽ 3 നും 5 നും ഇടയിലാണ്. പെരിയാർ കടന്നുവരുന്ന വഴിയിലുള്ള ചില പഞ്ചായത്തുകളിൽ ഇഷ്ടിക നിർമ്മാണശാലകൾ അനേകമാണ്. ഇവയെല്ലാം തന്നെ പെരിയാറിന്റെ നാശത്തിന് അവയുടേതായ പങ്ക് വഹിച്ചിട്ടുണ്ട്.

ഏതാണ്ട് 247 ഫാക്ടറികൾ പെരിയാറിന്റെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്നു. ഫാക്ടറികളുടെ പ്രവർത്തനശേഷം ഉണ്ടാകുന്ന മലിനജലം ശുചീകരിച്ച് വിടാൻ പി.സി.ബി. ബഹിർഗമന കുഴലുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അതിനേക്കാൾ ഇരട്ടി കുഴലുകൾ ഉപയോഗിക്കുന്നു എന്നു മാത്രമല്ല ശുദ്ധീകരിക്കാത്ത മലിനജലം തന്നെയാണ്, പെരിയാറിലേക്ക് ഒഴുക്കികൊണ്ടിരിക്കുന്നത്.

കേരളത്തിലെ ആകെയുള്ള 44 നദികളിൽ 3 എണ്ണം കിഴക്കോട്ടും 41 എണ്ണം പടിഞ്ഞാറോട്ടും ഒഴുകുന്നു. പെരിയാർ കടന്നുവരുന്ന വഴിയിലൂടെ ഏതാണ്ട് 33 ലക്ഷം ജനങ്ങൾ പെരിയാറിനെ ആശ്രയിച്ചാണ് കഴിയുന്നത്. ആലുവക്ക് താഴോട്ടുള്ള പ്രദേശങ്ങളിൽ ഏതാണ്ട് 30,000 പേർ ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. പെരിയാറിന്റെ ഉദ്ഭവസ്ഥാനത്തുനിന്നും അറബിക്കടലിൽ പതിക്കുന്നതുവരെ 13 ജലവൈദ്യുത പദ്ധതികൾ കടന്ന് പെരുമ്പാവൂർ, ആലുവ, കളമശ്ശേരി, കൊടുങ്ങല്ലൂർ എന്നീ മുനിസിപ്പാലിറ്റിയുടെയും കൂടാതെ 44 പഞ്ചായത്തുകളുടെയും മാലിന്യങ്ങൾ കൂടി പെരിയാറിലേക്കാണ് പതിച്ചുകൊണ്ടിരിക്കുന്നത്. മുമ്പൊക്കെ പെരിയാറിലെ ജലത്തിൽ മുങ്ങി അടിഭാഗത്തു ചെന്നാൽ വളരെ വ്യക്തമായി പുഴയുടെ അടിഭാഗം കാണുവാനും ഏറെ നേരം വെള്ളത്തിനടിയിൽ ചെലവഴിക്കുവാനും സാധിച്ചിരുന്നു. എന്നാൽ ഇന്ന് പുഴയുടെ പാതി ആഴത്തിലേക്ക് ചെല്ലുമ്പോൾ ശ്വാസം ലഭിക്കാതിരിക്കുകയും ചെവികൊട്ടിയടയ്ക്കുന്നതുപോലെ തോന്നുകയും ചെയ്യുന്നു. വീണ്ടും വെള്ളത്തിനടിയിലേക്ക് ചെന്നാൽ കണ്ണിൽ മുളകു പുരട്ടിയതുപോലെ നീറ്റൽ അനുഭവപ്പെടും.

ഒപ്പം പുഴയുടെ അടിത്തട്ടിൽനിന്നും പല നിറത്തിലുള്ള മാലിന്യങ്ങൾ അടിഞ്ഞു കൂടിയിട്ടുള്ളത് മുകളിലേക്ക് പൊങ്ങി വരും. വർഷക്കാലത്താണ് നമ്മൾ നോക്കുന്നതെ

ങ്കിൽ ഈ അവശിഷ്ടങ്ങളൊന്നും തന്നെ കാണുകയില്ല. മഴ പെയ്തുണ്ടാവുന്ന കുത്തൊഴുക്കുകൾ പടിഞ്ഞാറോട്ടൊഴുകി ചെമ്മീൻ കെട്ടുകളിലും കൃഷിയിടങ്ങളിലും ചെറിയ ഉൾതോടുകളിലും ഈ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നു. എന്നാൽ ഇതിൽ വലിയൊരു ഭാഗവും കടലിലെത്തി അവിടെനിന്നും പിടിക്കുന്ന മത്സ്യത്തിലൂടെ വീണ്ടും തിരിച്ചു കരയിലെത്തുന്നു. മലിനീകരണം മൂലം കഷ്ടതയനുഭവിക്കുന്ന ജനങ്ങളിൽ തന്നെ ഈ മത്സ്യങ്ങൾ എത്തിച്ചേരുകയും വീണ്ടും അവരെ രോഗികളാക്കുകയും ചെയ്യുന്നു.

15 വർഷം മുമ്പ് വരെ ഈ പ്രദേശത്തുനിന്നും ചെറുവള്ളത്തിൽ കടലിൽ പോയി മീൻ പിടിച്ച് പുഴയോരങ്ങളിൽ താമസിക്കുന്നവർക്ക് മീൻ വിറ്റ് ജീവിച്ചിരുന്ന അനേകം പേർ ഉണ്ടായിരുന്നു. ഇന്ന് തന്റെ പിതാവ് തുടങ്ങിവെച്ചെന്ന പേരിൽ തുടർന്നു വരുന്ന ഒരേ ഒരാൾ മാത്രമേ ഈ രംഗത്തുള്ളൂ.

ഉദ്യോഗമണ്ഡൽ കനാൽ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പെരിയാറിനെ ആഴം കൂട്ടുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഇപ്പോൾ അറിയുവാൻ കഴിഞ്ഞു. കേരളത്തിന്റെ ഉൾനാടൻ ജലഗതാഗത രംഗത്ത് ഒട്ടേറെ സംഭാവനകൾ പെരിയാറിന് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. മുമ്പൊക്കെ ഈ ഫാക്ടറികളിൽനിന്നുള്ള ചരക്കുകൾ വലിയ കെട്ടുവള്ളത്തിലൂടെയാണ് കയറ്റി അയച്ചിരുന്നത്. എന്നാൽ ഇന്ന് ഒരു വള്ളം ഊന്നുന്ന വ്യക്തിക്ക് വള്ളം ഊന്നാൻ ഉപയോഗിക്കുന്ന കഴുക്കോൽ ഉപയോഗിച്ച് വള്ളം ഊന്നാൻ കഴിയുന്നില്ല. കാരണം ഈ കഴുക്കോലുകൾ എത്താത്ത വിധത്തിലുള്ള നിലയില്ലാകയങ്ങളായി മാറിക്കഴിഞ്ഞു പെരിയാർ.

ചെറുപ്പകാലത്ത് അതിരാവിലെ എഴുന്നേറ്റ് തലയിൽ എണ്ണ തേച്ച് പുഴയിൽ എത്തി നന്നായി മുങ്ങിക്കുളിക്കും. അതു തന്നെ വൈകീട്ടും. ഇന്ന് ആ പുഴയിൽ കാലു കുത്തിയാൽ കാൽപാദം ചൊറിയും. അത്രയ്ക്ക് മലിനമാണ്, ഈ പുഴ. ഈ പുഴയ്ക്ക് ഇനി ഒരു തിരിച്ചുവരവ് ഉണ്ടാവുകയില്ലേ? എല്ലാം സർവ്വനാശത്തിലേക്കാണോ ?

ഏതാണ്ട് 35000 ത്തോളം ജനങ്ങൾ പെരിയാറിനെ ആശ്രയിച്ചു കഴിയുന്നു. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചിരുന്നവർ ഇപ്പോൾ തൊഴിൽരഹിതരായിക്കഴിഞ്ഞു.

തൊണ്ടുതല്ലി കയർ പിരിക്കുന്ന ഏതാണ്ട് 200 ഓളം കേന്ദ്രങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് രണ്ടോ മൂന്നോ സ്ഥാപനങ്ങളെ പ്രവർത്തിക്കുന്നുള്ളൂ. കാരണമന്വേഷിച്ചു ചെന്നപ്പോൾ അറിയാൻ കഴിഞ്ഞത് തൊണ്ട് ചീയുന്നതിനായി വെള്ളത്തിൽ ഇടുന്ന ഒരു പ്രക്രിയയാണ് ആദ്യം ഉള്ളത്. ഇങ്ങനെ ചീഞ്ഞ തൊണ്ട് തല്ലിയെടുക്കുന്നതിനായി എടുക്കുമ്പോൾ തൊണ്ട് പൂർണ്ണമായി പൊടിഞ്ഞു പോകുന്നു.

കൊച്ചി നിവാസികൾക്ക് ശുദ്ധജലം ലഭിക്കുന്നതിനായി രാസ മാലിന്യങ്ങൾ കലർന്നതും ഉപ്പു കലർന്നതുമായ വെള്ളം കയറാതിരിക്കാൻ പാതാളത്ത് ബണ്ട് സ്ഥാപിച്ചിട്ടുണ്ട്. ഈ ബണ്ട് സ്ഥാപിക്കുന്ന സമയത്ത് ഉപ്പിന്റെ തോത് 1400 പി.പി.എം. ആയിരുന്നു. അതായത് ഏതു വഴിയിലൂടെ പെരിയാറിലെ ജലം പമ്പ് ഹൗസിലേക്ക് എത്തിച്ചേർന്നാലും അത് ഫാക്ടറി മാലിന്യങ്ങൾ നിറഞ്ഞതു തന്നെയാണ്. ബണ്ട് നിർമ്മിക്കുമ്പോഴും ബണ്ടിനുള്ളിൽ ഈ രാസമാലിന്യങ്ങൾ നിറഞ്ഞ ജലം കെട്ടിക്കിടക്കുകയാണ്.

ഫാക്ടറികൾ പൂർണ്ണമായും അവസാനിക്കുന്നിടത്തല്ല ബണ്ട് നിർമ്മിച്ചിരിക്കുന്നത്. ബണ്ടിന് അകത്തും ഫാക്ടറികളിൽനിന്നും പുറംതള്ളുന്ന മലിനീകരണ കുഴലുകളുണ്ട്.




ജോസ് പെരിയാർ പരിശോധനയിൽ

പെരിയാറിന്റെ തീരങ്ങളിൽ കെമിക്കൽസ് കൊണ്ടുപോകുന്ന ലോറികൾ കഴുകി മലിനജലം പെരിയാറിലേക്ക് ഒഴുക്കുന്നു. വ്യവസായശാലകളിലേക്ക് കൊച്ചിൻ പോർട്ടിൽ നിന്നും അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്ന വലിയ ബാർജുകൾ ലോഡ് ഇറക്കി വരുന്ന വഴിയിൽ മോട്ടോർ ഉപയോഗിച്ച് വെസ്സലുകൾ കഴുകി പെരിയാറിനെ മലിനമാക്കുന്നു. ചില ഫാക്ടറികളിൽ നിന്നും ബാർജുകളിൽ മലിനജലം ശേഖരിച്ച് നേരിട്ട് പുഴയിലേക്ക് ഒഴുക്കുന്നുണ്ട്. പെരിയാറിന്റെ തീരത്തുള്ള തോറിയം സ്റ്റോറേജ് ലീക്ക് ചെയ്യുന്നതാണ്. അതിനു മറുകരയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ജെറോസൈറ്റ് പോണ്ടും പെരിയാറിന് ഭീഷണി തന്നെ. ശുദ്ധവായുവും ശുദ്ധജലവും നമുക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്.

ഇന്ന് കുടിവെള്ളം ടാങ്കർ ലോറികളിലാണ് ഫ്ളാറ്റുകളിലും വൻകിട ഹോട്ടലുകളിലും എത്തിക്കുന്നത്. ഈ ടാങ്കർ ലോറികൾ പലതും നിറയ്ക്കുന്നത് പെരിയാറിൽനിന്നും നേരിട്ട് ശുദ്ധീകരിക്കാത്ത ജലമാണ്. എന്നാൽ നല്ല ശുദ്ധജലം വിതരണം ചെയ്യുന്ന ടാങ്കർ ലോറികൾ ഏറെയുണ്ട്. നഗരത്തിലെ ആശുപത്രി മാലിന്യങ്ങൾ ഉൾപ്പെടെയുള്ള നഗര മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പെരിയാറിന്റെ തീരത്താണ്. നല്ല മഴയുള്ള സമയത്ത് ഇത് പൂർണ്ണമായും പെരിയാറിലേക്ക് ഒഴുകി എത്തുന്നു.

പെരിയാർ പടിഞ്ഞാറോട്ടൊഴുകി കടലിൽ പതിക്കുന്നതിനു മുമ്പ് ചേരാനെല്ലൂർ, വരാപ്പുഴ, ചേന്നൂർ, കടമക്കുടി, പിഴല, കോതാട്, വൈപ്പിൻ തുടങ്ങിയ സ്ഥലങ്ങളിലുള്ള കൃഷിഭൂമിയിൽ 6 മാസം നെൽകൃഷിയും 6 മാസം മത്സ്യകൃഷിയും നടത്തുന്ന ചെമ്മീൻക്കെട്ടുകളാണ്. വർഷങ്ങളായി ഈ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള രാസമാലിന്യങ്ങൾമൂലം ചെമ്മീൻ കൃഷി ഉത്പാദനത്തിൽ ഏതാണ്ട് 50 ശതമാനത്തോളം കുറവ് സംഭവിച്ചുകഴിഞ്ഞു.

പെരിയാറിന്റെ ഇരുകരകളിലുമായി ഏതാണ്ട് 247 ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. വൻകിട ഫാക്ടറികൾക്കെല്ലാം മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുണ്ടെങ്കിലും ശുചീകരിക്കാത്ത മലിനജലം തന്നെയാണ് നിത്യേന പെരിയാറിനെ മലിനമാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കാകെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ലതാനും. ഈ സ്ഥാപനങ്ങൾ എല്ലാം ചേർന്ന് ഏതാണ്ട് 17 കോടി മലിനജലമാണ് ദിനംപ്രതി പെരിയാറിലേക്ക് ഒഴുക്കിക്കൊണ്ടിരിക്കുന്നത്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പരിശോധിക്കേണ്ട പി.




ഹരി ചാരുത

● സംഭാഷണം



# ജീവിക്കാൻ, ഒത്തുകളിക്കെതിരെ സമരം

പി.യു.സി.എൽ. അഖിലേന്ത്യാ പ്രസിഡണ്ട്
കണ്ണബീരാൻ പ്ലാച്ചിമടയിൽ

**ഇത്** കേവലം കൊക്കക്കോളയ്ക്ക് എതിരായ സമരമല്ല. ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണത്തിന് എതിരായ സമരമാണ്. ഇവിടെ കൊക്കക്കോള ലാഭവർദ്ധനവിന് വേണ്ടി പ്ലാച്ചിമടയിലെ വിഭവങ്ങൾ ചൂഷണം ചെയ്യുകയാണ്. ഈ സമരം വികസനം ജനങ്ങൾക്ക് എതിരാകുന്നതിന് എതിരെയുള്ള സമരം കൂടിയാണ്. വ്യവസായങ്ങൾ ഉണ്ടാവുക എന്നത് അല്ല വികസനം. വ്യവസായങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നില്ലെങ്കിൽ വികസനമാകുന്നില്ല. ഒരു കുപ്പി പാലിന്റെയും ഒരു കുപ്പി വെള്ളത്തിന്റെയും വില ഒരേ നിലവാരത്തിലാകുന്നത് കുത്തക കമ്പനികളും ഗവൺമെന്റും തമ്മിൽ ഒത്തുകളിക്കുന്നതു കൊണ്ടാണ്.

ജനങ്ങൾ ജാഗ്രതയോടെ പ്രവർത്തിച്ചാലേ കുത്തകകളും ഗവൺമെന്റുകളും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കാനാകൂ. ജനങ്ങൾ ഉണർവ്വോടെ പ്രവർത്തിച്ച് പ്ലാച്ചിമട സമരത്തെ വിജയിപ്പിക്കണം. കാരണം, ഇത് ജീവിക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള സമരമാണ്.

---

സി.ബി. യാതൊരു പ്രവർത്തനവും കാഴ്ചവെയ്ക്കാതെ വന്നപ്പോഴാണ് പ്രക്ഷോഭവുമായി ജനങ്ങൾ രംഗത്തുവന്നത്. അങ്ങനെ ജനങ്ങളും പി.സി.ബി.യും ചേർന്ന് നടത്തിയ പരിശോധനയിൽ ഏതാണ്ട് 62 ഓളം അനധികൃത കുഴലുകളിലൂടെ മലിന ജലം ഒഴുകിക്കൊണ്ടിരിക്കുന്നത് കണ്ടുപിടിച്ചു. ഇതു കണ്ടെത്തി ഒന്നര വർഷം കഴിഞ്ഞെങ്കിലും ഇതുവരെ വേണ്ടത്ര നടപടികൾ ഉണ്ടായിട്ടില്ല.

ആഗോള പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ് നടത്തിയ പരിശോധനയിൽ വ്യവസായ ശാലകളിൽനിന്നും പുറപ്പെട്ട് ഏലൂർ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഏതാണ്ട് രണ്ടര കി.മീ. സഞ്ചരിച്ച് പെരിയാറിൽ പതിക്കുന്ന കുഴിക്കണ്ടം തോട്ടിൽ 111 രാസപദാർത്ഥങ്ങൾ കണ്ടെത്തുകയുണ്ടായി. അതിൽ 59 എണ്ണം തിരിച്ചറിയാവുന്നവയും 39 എണ്ണം ഓർഗാനോ ക്ലോറിനുമാണ്. അങ്ങനെയാണ് ലോകത്തിലെ 35-ാമത്തെ മാരക വിഷമേഖലയായി ഏലൂരിനെ പ്രഖ്യാപിച്ചത്. ഈ രാസമാലിന്യങ്ങളടങ്ങിയ പെരിയാറിലെ വെള്ളമാണ് ആലുവയിലെ പമ്പിങ്ങ് സ്റ്റോറേജുകളിലൂടെ കൊച്ചി നിവാസികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ നവംബർ 21-നാണ് ബഹുമാനപ്പെട്ട കൊച്ചി മേയർ ശ്രീ. ദിനേശ് മണി ഗ്രീൻപീസിന്റെ റിവർ കപ്പർ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഞാൻ ഇതിന്റെ ചുമതലയേറ്റ് ഡെറാഡൂണിലെ പി.എസ്.ഐ.യിൽ നിന്നും നേടിയ പരിശീലനത്തിനുശേഷം കഴിഞ്ഞ ഒരു മാസമായി പെരിയാറിനെ നിരീക്ഷിച്ച് പെരിയാറിലെ ജലം പരിശോധിച്ചപ്പോഴാണ് ഞെട്ടിപ്പിക്കുന്ന പല വസ്തുതകളും പുറത്തുവന്നത്. പെരിയാറിന്റെ നിറം ചില സമയങ്ങളിൽ ഡാർക്ക് ടീ ബ്രൗൺ ആണ്. വെള്ളത്തിലെ പി.എച്ച്. ആണെങ്കിൽ 3നും 5നും ഇടയിലാണ്. കൂടാതെ ആൽക്കലി, ക്ലോറൈഡ്, നൈട്രേറ്റ്, ഫോസ്ഫേറ്റ്, ഫ്ളൂറൈഡ്, അയേൺ എന്നിവയുടെ ഉയർന്ന തോത് ഞെട്ടിപ്പിക്കുന്നതാണ്. ഇതുവരെ അധികാരികൾ നടത്തിയ റിപ്പോർട്ടുകൾ ഒന്നുംതന്നെ കാണുവാൻ ജനങ്ങൾക്കിട വന്നിട്ടില്ല. ഇപ്പോൾ ജനങ്ങളുടെ ഇടയിൽനിന്നും ഉള്ള ഒരു വ്യക്തി എന്ന നിലയ്ക്ക് ഈ റിസൾട്ടുകളെല്ലാം മനസ്സിലാക്കുവാൻ കഴിയുകയും പെരിയാർ മലിനീകരണത്തിന്റെ കാഠിന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നതിലും എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഡെറാഡൂണിലെ പീപ്പിൾ എസ്.ഐ.യിൽനിന്നും ആദ്യം ലഭിച്ച പ്രാഥമിക പരിശീലനത്തിൽനിന്നാണ് ഇത്രയും കാര്യങ്ങൾ വെളിപ്പെടുത്താൻ സാധിച്ചത്. പെരിയാർ നിരീക്ഷണത്തിൽ നേരത്തെ കണ്ടെത്തിയതിൽ കൂടുതൽ അനധികൃത പൈപ്പുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ടാങ്കർ ലോറികളിൽ മലിനജലം കൊണ്ടുവന്ന് പെരിയാറിലേക്ക് ഒഴുക്കുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ രാസമാലിന്യങ്ങൾ കൂടാതെ കടലിൽ പതിക്കുന്നതുവരെയുള്ള പെരിയാർ കടന്നുവരുന്ന വഴികളിലുള്ള ഏതാണ്ട് 20-ഓളം പഞ്ചായത്തുകളും 3-4 മുനിസിപ്പാലിറ്റികളും പെരിയാറിലേക്കാണ് മാലിന്യങ്ങൾ തള്ളുന്നത്.

പിതൃസ്വത്തായി കിട്ടിയ പുരയിടം എനിക്ക് ലഭിക്കുമ്പോൾ നല്ല ശുദ്ധവായുവും ശുദ്ധജലവും കുടിക്കുന്നതിനായി ഒരു കിണറും ഉണ്ടായിരുന്നു. എന്നാൽ ഈ പുരയിടം ഞാൻ എന്റെ മക്കൾക്ക് കൊടുക്കുമ്പോൾ ജന്മാവകാശമായ രണ്ട് വസ്തുക്കൾ അവർക്ക് കൊടുക്കുവാൻ എനിക്ക് കഴിയില്ല. ശുദ്ധവായുവും ശുദ്ധജലവും.

നിങ്ങൾ അടുത്ത തലമുറയ്ക്ക് വേണ്ട സ്വത്ത് സമ്പാദിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം കൊടുക്കുന്നു. എന്നാൽ അവർക്കായി ശുദ്ധവായുവും ശുദ്ധജലവും കരുതിയിട്ടുണ്ടോ? ചിന്തിക്കൂ !!!

*1/14, രമ്യ, ഏലൂർ സൗത്ത്, ഉദ്യോഗമണ്ഡൽ-683 501*